(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനവിസ്തൃതിയിൽ വർദ്ധനവാണോ കുറവാണോ ഉണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വനങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനുമായി വിവിധ പദ്ധതികൾക്ക് രൂപം കൊടുത്തു നടപ്പാക്കിവരുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. ലോകബാങ്ക് സഹായത്തോടെയുള്ള കേരള ഫോറസ്ട്രി പ്രോജക്ട്.

2. 100% കേന്ദ്ര സഹായത്തോടെ ഇടുക്കി ജില്ലയിൽ ഔഷധത്തോട്ടം കൃഷി ചെയ്യാനുള്ള പദ്ധതി.

3. 100% കേന്ദ്ര സഹായത്തോടെ മുളയും ചൂരലും വച്ചു പിടിപ്പിക്കാനുള്ള പദ്ധതി (കേരള വനവികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കുന്നത്.)

(സി) കേന്ദ്ര സർക്കാരിന്റെ ഫോറസ്റ്റ് സർവേ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിച്ച 1999 സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടു പ്രകാരം കേരളത്തിന്റെ വനാവരണം 1997-ൽനിന്നും 11 ചതുരശ്ര കിലോമീറ്റർ കുറഞ്ഞതായാണ് കണക്ക്.

പേര്യ വനത്തിലെ മരംമുറി

82 (417) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പേര്യ വനത്തിലെ മരം മുറിയ്ക്കൽ സംബന്ധിച്ച കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ സംഭവം നടക്കുന്നതിനുമുമ്പായി ഈ ഭാഗത്തേയ്ക്ക് പുതുതായി റോഡ് നിർമ്മിക്കുകയുണ്ടായോ;

(സി) എങ്കിൽ അതിന് അനുമതി നൽകിയത് ആരാണ്; ഇതിന്റെ ചെലവ് സഹിച്ചത് ഏതു വകുപ്പിലാണെന്നും എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഡി) മരം മുറിയ്ക്കൽ സംഭവം നടക്കുമ്പോൾ ഡി.എഫ്.ഒ.ആരായിരുന്നു. അന്നത്തെ ഡി.എഫ്.ഒ. മരംമുറി തടഞ്ഞുകൊണ്ട് നിർദ്ദേശം നൽകിയിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഡി.എഫ്.ഒ.യെ ഇതുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിരുന്നോയെന്നും എങ്കിൽ ഡി.എഫ്.ഒ.യുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) അനധികൃത മരംമുറിയ്ക്കൽ സംഭവത്തിനുത്തരവാദി ചീഫ് കൺസർവേറ്റർ (പ്രൊട്ടക്ഷൻ) ആണെന്ന് റവന്യൂ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ സംഭവത്തിൽ മുറിച്ചുമാറ്റപ്പെട്ട തടിയുടെ മൊത്തം മതിപ്പു വില തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(എച്ച്) വില നിജപ്പെടുത്തിയ ഉദ്യോഗസ്ഥരാരാണ് ആ പ്രസ്തുത വില മറ്റാരെയെങ്കിലും കൊണ്ട് റിവ്യൂ ചെയ്യിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പേര്യ റെയിഞ്ചിലെ ഒ.ആർ. 3/2000 മുതൽ 8/2000 വരെ നമ്പരായി 6 കേസ്സുകൾ രജിസ്റ്റർ ചെയ്ത് മാനന്തവാടി കോടതി മുൻപാകെ ചാർജ്ജ് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. തർക്കസ്ഥലം വനഭൂമിയായി വിജ്ഞാപനം ചെയ്തതിനെതിരായി ഹർജിക്കാരൻ ഫയൽ ചെയ്ത ഒ.പി. നമ്പർ 28097/2000 ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശ്രീമതി കമലാ സുദർശന റാവു ഐ.എഫ്.എസ് ആയിരുന്നു അന്നത്തെ ഡി.എഫ്.ഒ. മരംമുറി തടയുന്നതിൽ ശക്തവും ഫലപ്രദവുമായ നടപടികൾ കൈക്കൊണ്ടിട്ടില്ല.

(ഇ) പ്രസ്തുത ഡി.എഫ്.ഒ.യെ സസ്പെന്റ് ചെയ്തിരുന്നു. അവരുടെ പേരിൽ കണ്ടെത്തിയിട്ടുള്ള കുറ്റങ്ങൾ

1. പേര്യ വില്ലേജിൽ റീസർവേ നമ്പർ 86/1 എ3 യിൽ ഉൾപ്പെട്ട നിക്ഷിപ്ത വനഭൂമിയിൽ നടന്ന വൻതോതിലുള്ള അനധികൃത മരംമുറി തടയുന്നതിൽ പരാജയപ്പെട്ടു.

2. പേര്യ വില്ലേജിൽ റീസർവേ നമ്പർ 86/1എ3-യിൽ 49.94 ഏക്കർ നിക്ഷിപ്ത വനഭൂമി ഉൾക്കൊള്ളുന്ന 128.15 ഏക്കർ സ്ഥലത്തിന് 'എൻകം പറൻസ് സർട്ടിഫിക്കറ്റ്' ലഭിക്കുന്നതിനുവേണ്ടി ശ്രീമതി കെ.പി. റഷീദയ്ക്കും മറ്റു മൂന്നുപേർക്കും തെറ്റായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും അതുവഴി സർക്കാർ താൽപര്യം സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തു.

3. കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ. 25.1.2000-ൽ ടി സ്ഥലത്തിന്റെ നിയമപരമായ അവസ്ഥ പരിശോധിക്കേണ്ടതുണ്ട് എന്ന് അറിയിച്ചശേഷവും 28.01.2000-ൽ നോർത്ത് വയനാട് ഡി.എഫ്.ഒ. നേരിട്ട് സ്ഥലം പരിശോധിച്ച് വൻതോതിലുള്ള മരംമുറി സംബന്ധിച്ചു ബോധ്യപ്പെട്ടതിനുശേഷവും ആ വിവരങ്ങൾ മറച്ചുവച്ചുകൊണ്ട് വയനാട് ജില്ലാ കളക്ടർക്ക് കത്തെഴുതുകയും ആ കത്തിന്റെ ഉള്ളടക്കങ്ങൾ വഴി വയനാട് ജില്ലാ കളക്ടറിൽനിന്നും ഭൂമി വിട്ടുകിട്ടുന്നതിന് അർഹമായ ഉത്തരവു സമ്പാദിക്കുന്നതിന് സ്വകാര്യ വ്യക്തികളെ വഴിവിട്ട് സഹായിക്കുകയും ചെയ്തു.

(എഫ്) ഈ വിഷയം ഹൈക്കോടതിയുടെ പരിശോധനയിലാണ്.

(ജി) ഉണ്ട്. തടികളുടെ മതിപ്പുവില 1,20,31,649 രൂപയാണ്.

(എച്ച്) മതിപ്പുവില നിശ്ചയിച്ചത് കല്പറ്റ ഫ്ളയിംഗ് സ്ക്വാഡ് യൂണിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly